പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2633 20/06/2013 ൽ മറുപടിയ്ക്ക്

## പാഠപുസ്തകങ്ങൾ വിതരണം ചെയ്യുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി.ഡി. സതീശൻ :<br>ശ്രീ. ജോസഫ് വാഴക്കൻ :<br>ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. കെ. അച്ചുതൻ : | | ശ്രീ: പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് സ്കൂൾ പാഠപുസ്തകങ്ങൾ അദ്ധ്യയന വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദമാക്കുമോ ; | (എ) | പാഠപുസ്തകങ്ങൾ സമയബന്ധിതമായി അച്ചടി പൂർത്തീകരിച്ച് സംസ്ഥാനത്തെ 14 ജില്ലാവിതരണ കേന്ദ്രങ്ങളിൽ കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി നേരിട്ടെത്തിക്കുകയും അവിടെ നിന്ന് സ്കൂൾ സൊസൈറ്റികളിൽ സ്കൂൾ തുറക്കും മുൻപ് എത്തിക്കുവാൻ ഏർപ്പാടു ചെയ്യുകയും ചെയ്തിരുന്നു. |
| ബി) | ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | പാഠപുസ്തക വിതരണത്തിന്റെ പൂർണ്ണ ഉത്തരവാദിത്വം കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി എന്ന ഗവഃ ഉടമസ്ഥതയിലുള്ള സ്ഥാപനത്തിനെയാണ് സർക്കാർ ഏൽപ്പിച്ചിരിക്കുന്നത്. അച്ചടിക്കുന്ന പുസ്തകങ്ങൾ റവന്യൂ ജില്ലയടിസ്ഥാനത്തിൽ സജ്ജീകരിച്ചിരിക്കുന്ന വിതരണ കേന്ദ്രത്തിൽ കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റി തന്നെ എത്തിക്കുന്നു. അവിടെ നിന്നും സ്കൂളുകളുടെ ആവശ്യകത അനുസരിച്ച് പുസ്തകങ്ങൾ തരം തിരിച്ച് കെട്ടുകളാക്കി സ്കൂൾ സൊസൈറ്റികളിൽ എത്തിക്കുകയാണ് ചെയ്യുന്നത്. ഇതിനായി ഈ വർഷം DTDC എന്ന സ്വകാര്യ കൊറിയർ ഏജൻസിയാണ് കേരള ബുക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയുമായി കരാറിലേർപ്പെട്ടിരിക്കുന്നത്. |

| | |
|---|---|
| സി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (സി) കേരള ബുക്ക്സ് ആന്റ് പബ്ലിക്കേഷൻസ് സൊസൈറ്റിയിൽ ഓൺലൈൻ ഇൻഡന്റിങ്ങ് സംവിധാനം (I.M.S) പ്രകാരം കൃത്യമായ സ്കൂളുകളുടെ കണക്കെടുക്കുകയും വിതരണത്തിനായി ലോജിസ്റ്റിക് മാനേജ്മെന്റ് സിസ്റ്റം ഉപയോഗിക്കുകയും ചെയ്തു. മുൻ വർഷങ്ങളിലെപ്പോലെ ഇപ്പോഴും രണ്ടു ഘട്ടമായാണ് പുസ്തകങ്ങൾ അച്ചടിക്കുന്നതും വിതരണം ചെയ്യുന്നതും. ഇതിൽ ഒന്നാം ഘട്ടത്തിന്റെ വിതരണം പൂർത്തിയാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ